# നവലോകം

## ഡിജിറ്റൽ മാസിക




schhool code:35029

**ജി.ജി.എച്ച്.എസ് എസ്.ഹരിപ്പാട്**

# മുഖക്കുറിപ്പ്

നിർമ്മിതബുദ്ധിയുടെ നവലോകത്തിൽ ഞങ്ങൾ

ലോകത്തിനൊപ്പം

സഞ്ചരിക്കുവാൻ ശ്രമിക്കുകയാണ്. ഹരിപ്പാട്

പെൺപള്ളിക്കൂടത്തിലെ ലിറ്റിൽകൈറ്റ്സ് കൂട്ടായ്മ ഈ

ഡിജിറ്റൽമാഗസിനിലൂടെ പങ്ക് വയ്ക്കുന്നത് ബാലമനസ്സുകളിൽ

തെളിഞ്ഞ ചില ചെറു ചിന്തകളാണ് . പൂർണ്ണത

അവകാശപ്പെടുന്നില്ല; എന്തെങ്കിലും ഗുണപരമായ മാറ്റങ്ങൾ

സമൂഹത്തിന്

ഇതിലൂടെ നൽകാൻ കഴിഞ്ഞാൽ ഞങ്ങൾ കൃതാർഥരായി

എഡിറ്റോറിയൽ ബോർഡ്

## താളുകൾ മറിക്കുമ്പോൾ

ചീട്ട്കൊട്ടാരം

അരുതിലെ നന്മകൾ

ഹിമവസന്തം

അമ്പിളിമുത്തച്ഛൻ

പൂമരം

രാധുവിന്റെ ദുഃഖം

ത്യാഗി

അമ്പിളിമാമൻ

# ചീട്ടുകൊട്ടാരം

ദേവേട്ടാ, ന്നെ കടൽ കാണിക്കാൻ കൊണ്ടാവോ? ന്റെ ക്ലാസിലെ അ പർണ്ണമേ,ആ അവളുംഅവൾടെ അമ്മേ അച്ഛനും കടൽ കാണാൻ പോയാല്ലോ.. നല്ല രസായിരുന്നുത്രേ. നിക്കും പോണം എന്നേ കൊണ്ടോവോ?. കാലിലേക്ക് വന്നടിച്ച നിരയാണ് സ്വബോധത്തിലേക്കത്തിച്ചത്. നേരം ഇരുട്ടി തുടങ്ങുന്നു. താൻ വന്ന സമയം തന്റെ തലക്ക് മേലെ നിന്നിരുന്ന സൂര്യൻ ഇപ്പോൾ ചക്രവാളത്തിലേക്കടുക്കുന്നു.താൻ മാത്രം നിന്ന അതേ സ്ഥലത്ത്, ഒരിഞ്ച്മാറാതെ,മാറ്റങ്ങൾക്ക് സ്ഥാനമില്ലല്ലോ.രാവും പകലും ഒരുപോലെ, കാണുന്ന മുഖങ്ങൾക്ക് പോലും ഒരേ ഛായ മനസിന് മരവിപ്പ് ബാധിച്ചാൽ പിന്നെന്തുചെയ്യാൻ എവിടെയാണ് തന്നെ നഷ്ടപ്പെട്ടത്? അവസാന വർഷ സെമസ്റ്റർ പരീക്ഷയുടെ പകുതിയിൽ തന്നെ വിളിക്കാൻ വന്ന വഴി വല്യമ്മാന്റെ പിറകെ കടന്ന കേളേജ് ഗേറ്റിന്റവിടോ? വീട്ടിലേക്കുള്ള വഴിയിൽ കണ്ട ജനസാഗരത്തിലോ? തണുത്ത് മരവിച്ചു കിടക്കുന്ന ആ രണ്ട് ശരീരങ്ങളുടെ നടുവിലേക്ക് പാതിതളർന്നുവീണ തന്റെ കൂടപ്പിറപ്പിനരികിലോ? അറിയില്ല.എവിടെയോ തന്നെ നഷ്ടപ്പെട്ടിരിക്കുന്നു, തിരിച്ചു കിട്ടാത്തവെണ്ണം. ചിന്തകൾ പിന്നെയും മനസിലേക്ക് ഇരച്ചുകയറാൻ തുടങ്ങി അവ തന്റെ ക്ലാസുപടിക്കൽ നിൽക്കുന്ന വല്യമ്മാമനിലെത്തച്ചേർന്നു. തന്റെ അവസാനവർഷ സെമ്സ്റ്റർ പരീക്ഷ വീട്ടിലേക്കുള്ള ദൂരക്കൂടുതൽ കാരണം അന്ന് താൻ ഹോസ്റ്റലിൽ നിന്നായിരുന്നു പഠിച്ചിരുന്നത്. പരീക്ഷാപകുതിയിൽ തന്നെ വിളിക്കാൻ വന്ന വല്യമ്മാമനെ കാണകേ മനസിലുടലെടുത്തസംശയത്തിന് മറുപടി തന്നത് തന്റെച്ഛന്റെയും അമ്മയുടേയും വെള്ളയിൽ



പൊതിഞ്ഞ മൃതദേഹങ്ങളായിരുന്നു. അന്ന് പെരുവിരലിൽ നിന്ന് തലച്ചോറിലേക്ക് അരിച്ചുകയറിയ പെരുപ്പു ഇന്നും മാറിയിട്ടില്ല. എന്തൊക്കെയോ പാർട്ടികൾ തമ്മിലുള്ള വെറിയുദ്ധത്തിൽ തനിക്കുംതന്റെ ദേവേട്ടനും നഷ്ടപ്പെട്ടത് ഞങ്ങളുടെ ജീവിതമായിരുന്നു. ചിതയ്ക്ക് തീ കൊളുത്തേണ്ട കൈകൾക്ക് തളർച്ച ബാധിച്ചപ്പോൾ പകരക്കാരനായി വന്ന വല്യമ്മാമന്റെ മകന് പകരം ആ അഗ്നിതന്റെ കൈകളാൽ ചിതയിലേക്ക് പടർത്തിയപ്പോൾ മുതൽ കുടുംബത്തിന്റെ ഉത്തരവാദിത്തം തന്റെ ചുമലിലേക്കാവുകയായിരുന്നു. കല്ല്യാണഘോഷത്തിന് പങ്കെടുത്തു മടങ്ങുന്ന വഴിയിൽ പാർട്ടിപ്പോരിൽ പൊലിഞ്ഞ ദമ്പതികളെക്കുറിച്ച് പിന്നെ കുറച്ച് ദിവസത്തെ പത്രങ്ങളിലുണ്ടായിരുന്നു. പതിയെ ഏതു സംഭവവും പോലെ അതും മാഞ്ഞു. അച്ഛന്റെയും അമ്മയുടെയും മരണത്തിനുമുപരി തന്നെ തളർത്തിയത് താങ്ങാവേണ്ട കൈകളുടെ തളർച്ചമായിരുന്നു.പിന്നീടങ്ങോട്ട് ഒരോട്ടപ്പാച്ചിലായിരുന്നു ആ കൈകളുടെ അനക്കം വീണ്ടെടുക്കാൻ അറിയുന്നതുംഅറിയാത്തതുമായി ഒത്തിരു ജോലികൾ ചെയ്തു.ഇതിനിടയിലെവിടെയോ തന്നെ മറന്നു. ചിരിക്കാൻ മറന്നു. ആകെ ഒറ്റലക്ഷ്യംതന്റെ കൂടപ്പിറപ്പ്. എന്നാൽ ദൈവം തന്നെ അവിടെയും തളർത്തി.ഓഫീസിലെ ജോലി കഴിഞ്ഞെത്തിയ തന്നെ കാത്തിരുന്നത് ചേതനയറ്റ ഏട്ടന്റെ ശരീരമായിരുന്നു. കൺമുന്നിൽ കണ്ടത് വിശ്വസിക്കാനാവാതെ മണുക്കൂറുകളോളം തരിച്ചിരുന്നു. കരയാൻ ഒരിറ്റ് കണ്ണീർ പോലും തന്നെ തേടിവന്നില്ല. പൊതുശ്മശാനത്തിൽആകെയുണ്ടായ

പ്രതീക്ഷയേയും കുഴിച്ചിട്ട് താൻ ഒരു യന്ത്രമനുഷ്യനിലേക്ക് പരിണമിക്കുകയായിരുന്നു. ഇനി എന്തിനുവേണ്ടി ജീവിക്കുന്നു എന്ന ചോദ്യത്തിന് ഉത്തരമില്ലാതെ.ദൈവം ഒരു ക്രൂരനാണ്.മനുഷ്യന് അവന് താങ്ങാവുന്നതിലുമധികം യാതനകൾ നൽകി അവനെ ക്രൂശിച്ച് ഒടുവിൽ അവന്റെ പ്രാർത്ഥനയിൽ ഹരം കണ്ടെത്തുന്ന ഭ്രാന്തൻ.ഉറക്കെ കരയാൻ കിടഞ്ഞുപരിശ്രമിച്ച് പരാജയപ്പെട്ടുപോയ രാത്രികൾ.ചിരിക്കാൻ ശ്രമിച്ച് വിഫലമായിപ്പോയ പകലുകൾ ജീവിതത്തെ വെറുക്കാൻ കാരണങ്ങൾ കൂടികൊണ്ടയിരുന്നു. ആത്മഹത്യയെപ്പറ്റി ചിന്തിക്കാൻ തുടങ്ങിയനാളുകൾ.ഒടുവിൽ ദൈവം കരുണ കാട്ടിയിരിക്കുന്നു. മരണംഒരു ഞാൻ അകലെ കാത്തിരിക്കുന്നു. എന്നാൽ കൈയെത്തി പിടിക്കാൻ തന്നെക്കൊണ്ടാവുന്നില്ല. ഇന്ന് ഏട്ടന്റെ ആണ്ടായിരുന്നു. രാവിലെയെടുത്ത മേൽമുണ്ടിലെ ഈറൻ ഇപ്പോഴും മാറാത്ത പോലെ. കർമ്മങ്ങൾക്കായി നമ്പൂതിരിയുടെ നിർദേശപ്രകാരം കടലിലേക്കിറങ്ങിയപ്പോൾ മുതൽ മനസിലുടലെടുത്ത ആശയമാണ് കടലാണ് തന്റെകാലനെന്ന്. അപ്പോൾ മുതൽ ചെവിയിൽ മുഴങ്ങിക്കേൾക്കുന്നതൊന്നുമാത്രം. ദേവേട്ടാ എന്നെ കടൽ കാണിക്കാൻ കൊണ്ടോവോ?തന്റെ മനസിന്റെ പ്രതിഫലനം പോലെ ആകാശവും ഇരുൾ മൂടാൻ തുടങ്ങിയിരുന്നു.ആകാശവും ദു:ഖത്തിലാവും,തന്നെപ്പോലെ എന്നാൽ അവക്കാ ദു:ഖം കരഞ്ഞുതീർക്കാനാവുമല്ലേ. തനിക്കോ ആദ്യത്തെ ഒരു തുള്ളിയ്ക്കുശേഷം ആകാശംആർത്തുലച്ചു കരയാൻആദ്യത്തെ ഒരു തുള്ളിയ്ക്കുശേഷം ആകാശംആർത്തലച്ചു കരയാൻതുടങ്ങി. എട്ടുദിക്കും പൊട്ടുമാറ് അലറിവിളിച്ചു.തന്റെ കാലുകൾ കടലിനെ ലക്ഷ്യമാക്കി ചലിക്കാൻ തുടങ്ങി. അപ്പോളും ചെവിയിൽ ഒരേഴ് വയസുകാരിയുടെശബ്ദം മുഴങ്ങുന്നുണ്ടായിരുന്നു."ദേവേട്ടാ കടൽ കാണിക്കാൻകൊണ്ടോവോ?"

ശുഭം.

ഷഹാന
10.B



# അരുതിലെ നന്മകൾ

അരുതരുത്, ചെയ്യരുത്

വാക്കുകൾ കേട്ടുവളർന്നൊരു ബാല്യം

കളിപ്പാട്ടങ്ങൾ ഉടയ്ക്കരുത്

ആ അരുതിലുമുണ്ടൊരു നല്ലപാഠം

പുസ്തകങ്ങൾ വലിച്ചെറിയരുത്

ആ അരുതിലുമുണ്ടൊരു നല്ലപാഠം

മോശം പ്രവർത്തികൾ ചെയ്യരുത്

മോശം വാക്കുകൾ പറയരുത്

മോശം കൂട്ടുകൾ ആകരുത്

ഈ അരുതുകളിലുമുണ്ട് നല്ല പാഠം

മുതിർന്നവർ പറയും അരുതുകൾ കേട്ടാൽ

നമുക്കുണ്ടാകും ചെറിയോരു അരുതായ്ക

മുതിർന്നവർ ചൊല്ലും അരുതുകൾ പലതും

നമുക്ക് നന്മകൾ ആണല്ലോ

ആ അരുതുകൾ നമ്മൾ കേൾക്കിടുകിലോ

ഉയർച്ചയിലെത്താം നമുക്കെല്ലാം



കൃഷ്ണനന്ദ എം പിള്ള

8 C



# ഹിമവസന്തം

സ്നേഹാർദ്രമാം മനസ്സിൽ
പൊഴിയും ഹിമം
ചെറുതുള്ളി പോൽ പൊഴിയുന്നു
തേൻതുള്ളി
വിപുലമാം മലർവാടിയിൽ
ചെറുപൂമ്പാറ്റകൾ പാറിപ്പറക്കവേ
ഹിമം പൊഴിയും പൂങ്കാവനമേ
വിരിയിക്കു നീ പൂക്കളെ
കൺമുന്നിൽ ചിന്നും കരിവണ്ടു
പോൽ ഹിമവസന്തം
ഹിമതുള്ളികളിൽ തെളിയുന്നു
ചെറുസൂര്യൻ,അതുകണ്ടാഹ്ലാദിപ്പാൻ
ചെറുകുരുന്നുകൾ
മനസ്സിൽ നിറയും ആമോദത്താൽ
മൊട്ടിടുന്നു സുമം
ഹിമകണമണികൾ പതിക്കവേ
മൊട്ടിടുന്നു ചെറു ഹിമവസന്തം.

നിമിഷ നിതീഷ്



# അമ്പിളിമുത്തച്ഛൻ

ആകാശത്തൊരു മുത്തച്ഛൻ
അമ്പിളി മുത്തച്ഛൻ
ലോകം മുഴുവൻ വെട്ടം
അമ്പിളി മുത്തച്ഛൻ
കുഞ്ഞുങ്ങൾക്ക് പ്രിയനാവും
അമ്പിളി മുത്തച്ഛൻ
നക്ഷത്ത ത്തിൻ കുട്ടുകാരൻ
അമ്പിളി മുത്തച്ഛൻ
നന്മ നിറഞ്ഞൊരു മുത്തച്ഛൻ
അമ്പിളി മുത്തച്ഛൻ

ഫാത്തിമ . എസ്
5 A

# പൂമരം

പൂമരക്കൊമ്പത്തൊരൂഞ്ഞാലുകെട്ടി
ഞാൻ ആവണിത്തെന്നലായ്യാറിടുന്നു
അതിലോലമെന്നെത്തഴുകിത്തലോടുന്നു
മാമരക്കൊമ്പിൽ ഇളം തെന്നലും
അഴകുള്ളചില്ലയിൽ അരുമയാം
കിളികൾക്ക് താങ്ങായ് തണലായ്, പൂമരമായ്
ഓരോദിനവും അടർന്ന് വീഴുമ്പോഴും
പൂമരചില്ലയിൽ പൂതുമ്പികൾ
തണലേകും അമ്മയായ് വരമേകും ജീവനായ്
കനികൾ ഏകുന്നൊരു പൂമരമായ്
തണൽതന്നും മഴതന്നും കാത്തിടുന്നു
കാത്തിടുന്നു, കാത്തിടുന്നു

ആവണി രാജ്. 7A



# രാധുിന്റെ ദുഃഖം

രാധുരാവിലെ തന്നെ ദുഃഖത്തിലാണ്. അച്ഛനും അമ്മയും പലയാവൃത്തി അവളോട് കാരണം ചോദിച്ചെങ്കിലും അവൾ ഒന്നും തന്നെ പറഞ്ഞില്ല രാധുവിന്റെ നിറഞ്ഞ കുസൃതിക്കണ്ണുകൾ കണ്ടപ്പോൾ അച്ഛൻ രാജീവിനും അമ്മഹേമയ്ക്കും വല്ലാത്ത സങ്കടമായി. മകളുടെ ദുഃഖത്തിന്റെ കാരണം കണ്ടുപിടിക്കുവാൻ അവർ തീരുമാനിച്ചു.

ദിവസങ്ങൾ കടന്നുപോയിക്കൊണ്ടിരുന്നു. രാധുനാലാം ക്ലാസ്സിലാണ് പഠിക്കുന്നത്. ഇപ്പോൾ കോവിഡ് കാരണം സ്കൂളിൽ പഠനം ഇല്ലാത്തത് കൊണ്ട്അവൾ എപ്പോഴും ഓൺലൈൻ ക്ലാസ്സിൽ ആയിരിക്കും. അച്ഛനും അമ്മയും ജോലിക്ക് പോയിക്കഴിഞ്ഞാൽ അമ്മൂമ്മയോടൊപ്പമാണ് പകൽ സമയങ്ങളിൽ അവൾ ഉണ്ടാവുക.രാധു രാജീവിന്റെയും ഹേമയുടെയും ഏക മകൾ ആയത്കൊണ്ട് തന്നെ അവൾക്ക് തന്റെ സങ്കടങ്ങൾ പറയാനോകൂടെ കളിക്കുവാനോ ആരും ഇല്ലാത്തതിനാൽ ആകെ വിഷമാവസ്ഥയിലായിരുന്നു. അയൽ വീടുകളിലൊന്നും തന്നെ അവൾക്ക് കളിക്കുവാനായി അവളുടെ പ്രായത്തിലുള്ള കുട്ടികളൊന്നും ഉണ്ടായിരുന്നില്ല. പിന്നെ അവൾക്കുള്ള ഏക ആശ്രയം അവളുടെ സ്കൂൾ ആയിരുന്നു. അവിടെ കൂട്ടുകാരോടൊത്ത് കളിച്ച് ചിരിച്ച് ഒരു പൂമ്പാറ്റയെ പ്പോലെ പറന്ന്നടന്ന ്വൾ സ്കൂൾ ഇല്ലാത്തത് കാരണവും കോവിഡ് മൂലവും കൂട്ടിലടച്ച തത്തയെ പോലെ ആയി.ദിവസങ്ങൾ പിന്നെയുംകടന്ന് പോയി. ആദ്യമാദ്യം ഓൺലൈൻ ക്ലാസ്സുകൾ അവൾക്ക് ഇഷ്ടമുള്ളതായി തോന്നിയെങ്കിലുംകുറച്ച്നാൾ കഴിഞ്ഞപ്പോളാണ് അവൾക്ക് വിരസമായിതോന്നിയത്എങ്ങനെയെങ്കിലും സ്കൂളിൽ എത്താനും കൂട്ടുകാരോടൊപ്പം സമയം ചെലവിടാനും അവൾ വളരെയധികം ആഗ്രഹിച്ചു. അച്ഛനമ്മമാർ വീട്ടിലില്ലാതിരുന്നതും കളിക്കൂട്ടുകാർ കൂട്ടിനില്ലാതിരുന്നതുംഅവളുടെ വിഷമത്തിന് കാരണമായി.

അങ്ങനെയിരിക്കെ ഒരുദിവസം രാത്രിയിൽ രാധുവിന്റെ മുറിയിൽ വെളിച്ചംകിടക്കുന്നത് അമ്മ അമ്മ കാണാനിടയായി. അർധരാത്രിയിൽ മകളുടെ മുറിയിലെ വെട്ടം അയാളെ ആശങ്കയിലാഴ്ത്തി. അവർ ശബ്ദമുണ്ടാക്കാതെ മകളുടെ മുറിക്ക് സമീപമെത്തിയപ്പോൾ അതിനുള്ളിൽ നിന്നും മകളുടെ സംസാരം കേട്ടു. അതെന്താണെന്നറിയാൻ ആകാംക്ഷയോടെ കാതോർത്തു. മകൾ ആരോടോ സംസാരിക്കുകയാണ്. ഹേമയ്ക്ക് ആകെ ഭയം തോന്നി. അവർ രാധുവിന്റെ അച്ഛനെയും വിളിച്ചുണർത്തി മകളുടെ മുറിക്ക് സമീപത്തേക്ക് നടന്നെത്തി. ഭയത്തോടെ മുറിയിലേക്ക് നോക്കിയ അവർ കണ്ടത് തന്റെ പുതിയ പുസ്തകം നോക്കി അതിനോട് വർത്തമാനം പറയുന്ന രാധുവിനെയാണ്. അവളുടെകുഞ്ഞിക്കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. അവളുടെ സംസാരത്തിൽ നിന്നാണ് തങ്ങളുടെ മകൾ ഇത്രയധികം മാനസിക സംഘർഷം അനുഭവിക്കുന്നുണ്ടെന്ന് രാജീവിനും ഹേമയ്ക്കും മനസ്സിലായത്. സ്കൂളിൽ പോകാത്തതും കൂട്ടുകാരെ കാണാത്തതും അവളുടെ കുഞ്ഞുമനസ്സിനെ വളരെയധികം ആഴത്തിൽ വേദനിപ്പിച്ചിട്ടുണ്ടെന്ന് അവർക്ക് മനസ്സിലായി. മാത്രമല്ല തങ്ങളുടെ അഭാവവും കൂട്ടുകാർ ഇല്ലാത്തതും കൂടെപ്പിറപ്പ് ഇല്ലാത്തതും എല്ലാം ഓരോ പുസ്തകത്താളും മറിച്ച് കണ്ണീരോടെ പറയുന്നത്കേട്ട് സ്തബ്ധരായി നിൽക്കുവാനേ അവർക്ക് സാധിച്ചുള്ളു. മകളുടെ മുറിയിലേക്ക് കയറിയ അവർ അവരുടെ കണ്ണീരൊപ്പി അവളെ ചേർത്ത് പിടിച്ച് ആശ്വസിപ്പിച്ചു. ഒരു നല്ല ലാളെയെക്കുറിച്ചുള്ള പ്രത്യാശ അവർ അവൾക്ക് പകർന്ന് നൽകി. രോഗം മാറി നല്ലൊരു ലോകം പുലരുമെന്നും പഴയത് പോലെ കൂട്ടുകാരോടൊത്ത് സ്കൂളിൽ ഒത്ത്ചേരാമെന്നും അത് വരെ ക്ഷമയോടെയും പ്രത്യാശയോടെയും കാത്തിരിക്കുവാനും അവർ മകൾക്ക് ധൈര്യം നൽകി. അച്ഛന്റെയും അമ്മയുടെയും പ്രതീക്ഷ നിറഞ്ഞ വാക്കുകൾ അവൾക്ക് പുതിയ ആവേശം പകർന്ന് നൽകി. അവൾ കുഞ്ഞിക്കണ്ണുകൾ തുറന്ന് സന്തോഷത്തോടെ പുഞ്ചിരിച്ചു. അച്ഛനെയും അമ്മയെയും ഇറുകെപ്പുണർന്ന് അവരെ ഉമ്മവച്ച് കൊണ്ട് അവൾ പതിയെ ഉറക്കത്തിലേക്ക് വഴുതി വീണു; പുതിയൊരു പ്രഭാതത്തെ വരവേൽക്കാനായി..........രോഗഭീതിയില്ലാത്ത ശാന്തിയും സമാധാനവും നിറഞ്ഞ പുതിയൊരു പുലരി അവൾക്കായി കാത്തിരുന്നു............

# ത്യാഗി

അഗ്നിയിൽ പൊലിയുമീ ജീവിതവീഥിയിൽ
ത്യാഗരൂപിയായ് ഞാനിന്നു മാറുമ്പോൾ ,
കാലമോ എങ്ങോപോയ്....

ആകാശവീഥിയിൽ മാറിലിന്നും നീയാം ത്യാഗി തൽ
മുഖമൊന്നു മാത്രം



എന്തിനു നീ ത്യാഗിയായ് .. എന്തിനു നീ
അഗ്നിയായ്
ആഞ്ഞുവീശുമീ കൊടുങ്കാറ്റിനിടയിൽ നീ
പടരുകയായ് ...തീനാളമെന്നപോലെ ..
എന്തിനു നീ അഗ്നിയിൽ എരിഞ്ഞു പോകുന്നു
എന്തിനു നീ ത്യാഗിയായ് മാറുന്നു
നീയിന്നുമീ ലോകത്തിൻ വ്യർഥം...
നീയിന്നുമീ പ്രപഞ്ചത്തിൽ ശൂന്യം ...
കാലമാം ഇടനാഴിയിൽ പൊലിയുമീ
ജീവനിൽ ത്യാഗിയായ് നീയിന്നു മാറുമ്പോൾ
എരിയും ചുട്ടുതീയിൽ ആഴുമ്പോൾ
നഷ്ടമാണിന്നു നിന്റെ ഈ ജീവിതം ..
കാലത്തിനു നീയിന്നുമൊരു നിഢൂഢ പാത്രം
അറിയുന്നുവോ ആത്മാവേ നിന്നെ ഈ ലോകം?
എന്തിനു നീ ത്യാഗിയായ് സ്വയം എരിയുന്നു
എന്തിനു നീ വിലാപമായ് മാറുന്നു
എന്തിനു നീയീ ഭൂമിയിൽ "ത്യാഗിയായ് ".

ആവണി വിജയൻ

# അമ്പിളിമാമൻ



മാനത്തെത്തും അമ്പിളിമാമ,

മാമൻ ഞങ്ങടെ ചങ്ങാതി

അങ്ങോട്ടോടും ഇങ്ങോട്ടോടും

ഞങ്ങടെ കൂടെ ചങ്ങാതി

നമ്മൾ നോക്കിയാൽ നമ്മളെ നോക്കും

ഞങ്ങടെ സ്വന്തം ചങ്ങാതി

അന്തിയാകുമ്പോൾ മാനത്തുപൊങ്ങും

നേരം വെളുത്താലോ കാണൂല

ഞങ്ങടെ സ്വന്തം ചങ്ങാതി.

അക്ഷയ ഷാജി
5.B

# ഒരു കെട്ടിലൊതുങ്ങാത്ത സ്വപ്നം

തുടക്കക്കുറിപ്പ് :

" ഒരു കെട്ടിൽ ഒതുങ്ങാത്ത സ്വപ്നത്തിന്റെ സൃഷ്ടികർത്താവായ മനസ്സ് നമുക്ക് സ്വന്തമെങ്കിൽ "സ്വപ്നം "

അത് നമ്മുടെ

ജീവിതത്തിൽ യാഥാർത്ഥ്യമാണ്

"കാത്തിരിക്കുക"

"സ്വപ്നങ്ങളെ തുറന്നു വിടുക അവ ഉയരങ്ങളിൽ ചെന്ന് ജ്വലിക്കട്ടെ"

## ജീവിത തോണിയിൽ നാം ഒരു വൃത്തം........

**വേനൽ പോൽ നമ്മിൽ ആയിരം സ്വപ്നങ്ങൾ എന്നേക്കുമായി പിടിച്ചു കെട്ടി....**

**സംഗീത സാന്ദ്രം പോൽ കുളിർക്കാറ്റ് തഴുകിയ നിമിഷം അതെന്റേതു മാത്രമായി....**

**ചെറു ചാറ്റലോടെയാ മഴ പെയ്ത നിമിഷം അതുതന്നെ എന്റെയാ ദൃഢനിശ്ചയം....**

**വേനലിൻ സംഗീതം ഒഴുകുന്ന ഈ മണ്ണിൽ എന്നേക്കുമായി തിരികൊളുത്തി..**

**ഉള്ളിന്റെ ഉള്ളിലെ പുസ്തകത്താളിൽ ഉണരുന്നീ രാഗം....**

**രാഗത്തിൽ സ്പന്ദനം വേനലിൽ സംഗീതമായി തീർന്ന നിമിഷം..**

**അകലെ ഒഴുകുമാ സമുദ്രമാം ജീവിത തോണിയിൽ നാം ഒരു വൃത്തം ......**

**നിമിഷ**

# ആ ഇളം കാറ്റ്

”മഴപെയ്ത്ത് തോരുന്നു എന്ന് എന്നെ അറിയിക്കുന്ന ഈ ഇളം കാറ്റ് എന്തിനാണ് എന്നെ പുണരുന്നത്....?

ആരുമറിയാതെ പോകുന്ന ഈ കാറ്റിന്റെ രഹസ്യം എന്തിനെയാണ് സൂചിപ്പിക്കുന്നത്.....?

എന്റെ ഓർമ്മയുടെ നൂൽപ്പാലത്തിൽ അടിയുലയുന്ന ഒരു ഇളം കാറ്റായ് ഇന്നിത് മാറുമോ...?

ആരുമെന്തന്നറിയാത്ത ഈ രഹസ്യം ഈ ഇളം കാറ്റിൽ അകന്നു പോകുമോ....?
വേദനയുടെ ഇരമ്പലിൽ നിന്ന് എന്നെ മാറ്റുമോ ഈ ഇളം കാറ്റ്...?

അറിയാതെ ഞാൻ വീണ്ടും ഏകാന്തതയിലേക്ക്.....”

ആവണിവിജയൻ

